# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക് - പാറശ്ശാല**

**ഗ്രാമപഞ്ചായത്ത്- തിരുപുറം**

**വാർഡ്-കാലുംമുഖം(4)**

ഗ്രാമസഭ തീയതി - 21/10/2019

സമയം - 10:30 am

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ തൊഴിലില്ലായ്മ വേതനത്തിനു അർഹതയുണ്ടായിരിക്കും.

അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമൊ ഉറപ്പായും ഉറപ്പുവരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത്പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## <u>തിരുവനന്തപുരം ജില്ല</u>

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരുപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## തിരുപുറം പഞ്ചായത്ത്

1953 ലാണ് തിരുപുറം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല ബ്ലോക്കിൽ ഒരു കാർഷിക പ്രദേശമാണ് തിരുപുറം ഗ്രാമപഞ്ചായത്ത്. തിരുപുറം ഗ്രാമപഞ്ചായത്ത്. കൃഷിക്കും മറ്റ് ചെറുകിട വ്യവസായങ്ങൾക്കും പഞ്ചായത്ത് പ്രാമുഖ്യം നൽകുന്നുണ്ട്.

തിരുപുറം ഗ്രാമപഞ്ചായത്തിന്റെ വടക്ക് അതിയന്നൂർ ഗ്രാമപഞ്ചായത്തും, നെയ്യാറ്റിൻകര മുന്സിപ്പാലിറ്റിയും, പടിഞ്ഞാറ് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തും, കിഴക്ക് നെയ്യാർ അതിർത്തികളായ ഒരു സമതല പ്രദേശമാണ്.

**അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| ജില്ല | - | തിരുവനന്തപുരം |
| താലൂക്ക് | - | നെയ്യാറ്റിൻകര |
| ബ്ലോക്ക് | - | പാറശ്ശാല |

വില്ലേജ് - തിരുപുറം

വിസ്തീർണ്ണം - 8.57 ച. സെമി

ജനസംഖ്യ -18577

വാർഡുകളുടെ എണ്ണം -14

**അതിരുകൾ**

കിഴക്ക് - നെയ്യാർ

പടിഞ്ഞാറ് - കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

തെക്ക് - അറബിക്കടൽ

വടക്ക് - അതിയന്നൂർ ഗ്രാമപഞ്ചായത്ത്

**<u>രീതിശാസ്ത്രം</u>**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല-പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ്പേഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ തിരുപുറം ഗ്രാമപഞ്ചായത്ത് വാർഡ് 4 ൽ (കാലുംമുഖം) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഈ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 4 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

# സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാൺ.

ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സാധന രജിസ്റ്റർ
6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
7. പരാതി രജിസ്റ്റർ

## 7 രെജിസ്റ്റേഴ്സ് പരിശോധന വിശദാംശങ്ങൾ

1. **Job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

   - 241 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപെടുത്തിയിട്ടുണ്ട്
   - അതിൽ 124 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2. **ഗ്രാമസഭ രജിസ്റ്റർ(ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)**

   - 2019-20 സാമ്പത്തിക വർഷത്തെ ആക്ഷൻ രൂപീകരണവുമായി ബന്ധപെട്ട ഗ്രാമസഭ 30/11/2018 ൽ കൂടിയതായി രെഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്ട്സ് പൂർണമല്ല.

3. **Demand register, Payment of allocation of work(തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ)**

   - ഡിമാന്റ് രജിസ്റ്റർ ഉണ്ടായിരുന്നില്ല

4. **Work register (പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)**

   - 168 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. **സാധന രജിസ്റ്റർ**

   - 93 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.
   - സിറ്റിസൺ ഇൻഫർമെഷൻ ബൊർഡിന്റെ വിശദാംശങ്ങളൊടൊപ്പം പ്രവർത്തിയുമായി ബന്ധപ്പെട്ട മറ്റ് സാധന-സാമഗ്രികളുടെ രെഖപ്പെടുത്തലും കാണാൻ സാധിച്ചു.

## 6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

- 2018-19 വരെ പൂർത്തിയായ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്.
- ക്രമനമ്പറുകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല.

## 7. പരാതി രജിസ്റ്റർ

- 01/12/18 ൽ രജിസ്റ്റർ ചെയ്ത് ഒരു പരാതി മാത്രമാണ് ഉണ്ടായിരുന്നത്
- ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്**

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

## പ്രവർത്തികൾ

| ക്രമ നം | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തീയതി | ചിലവഴിച്ച തുക |
|---|---|---|---|---|---|
| 1. | കാലുംമുഖം-പാഞ്ചിക്കാട് തോട് പുനരുദ്ധാരണം | WC/335637 | 21/12/2018 | ഓൺഗോയിങ് | 1, 25, 184 |
| 2. | മണ്ണ് ജല സംരക്ഷണം | WC/342529 | 29/03/2019 | ഓൺഗോയിങ് | 13,937 |

| | | | | | |
|---|---|---|---|---|---|
| 3. | മണ്ണ് ജല സംരക്ഷണം | WC/336105 | 09/02/2019 | 22/02/2019 | 1, 72,009 |
| 4. | മണ്ണ് ജല സംരക്ഷണം | WC/338552 | 30/01/2019 | ഓൺഗോയിങ് | 1,71,636 |
| 5. | മണ്ണ് ജല സംരക്ഷണം | WC/338918 | 25/02/2019 | ഓൺഗോയിങ് | 83,406 |
| 6. | മണ്ണ് ജല സംരക്ഷണം | WC/336539 | 01/02/2019 | ഓൺഗോയിങ് | 1,67,789 |
| 7. | മണ്ണ് ജല സംരക്ഷണം | WC/338533 | 09/02/2019 | ഓൺഗോയിങ് | 86,585 |
| 8. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275761 | 18/02/2018 | ഓൺഗോയിങ് | 1, 83, 063 |
| 9. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/274033 | 13/11/18 | ഓൺഗോയിങ് | 78,969 |
| 10. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275399 | 18/12/18 | ഓൺഗോയിങ് | 10,840 |
| 11. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275400 | 03/12/18 | ഓൺഗോയിങ് | 32,724 |
| 12. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/274032 | 13/11/18 | ഓൺഗോയിങ് | 17,421 |
| 13. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275402 | 17/12/18 | ഓൺഗോയിങ് | 3,062 |
| 14. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275403 | 18/12/18 | ഓൺഗോയിങ് | 8,130 |
| 15. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/275401 | 18/12/18 | ഓൺഗോയിങ് | 38,796 |

| | | | | | |
|---|---|---|---|---|---|
| **16.** | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/260905 | 16/11/18 | ഓൺഗോയിങ് | 86,585 |

# <u>ലൈഫ് ഭവന നിർമ്മാണ പദ്ധതി</u>

| **ക്രമ. നമ്പർ** | **ഗുണഭോക്തതാവിന്റെ പേര്** | **വർക്ക് കോഡ്** |
|---|---|---|
| 1. | ശകുന്തള | IF/361095 |
| 2. | **ഷീജ** | IF/369286 |
| 3. | വിജയകുമാരി | IF/361096 |
| 4. | വസന്ത | IF/361097 |
| 5. | ജെറാഡ് | IF/356762 |
| 6. | വത്സലകുമാരി | IF/405922 |
| 7. | പങ്കജാക്ഷി | IF/356763 |

**ഫയൽ പരിശോധന വിശദംശങ്ങൾ**

- ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഓരോ വെക്തികളുടെയും അപേക്ഷാഫോം ഫൈലിൽ കാണാൻ കഴിഞ്ഞു.
- നിയമാനുസൃതമായ രേഖകളിൽ മതിയായ രേഖപെടുത്തലുകൾ കാണാൻ കഴിഞ്ഞു.
- ഗുണഭോക്താക്കളുടെയും കുടുംബാംഗങ്ങളുടെയും ആധാർ, റേഷൻ കാർഡ്, പാസ്സ്ബുക്കിന്റെ കോപ്പി എന്നിവ കൃത്യമായി ഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
- നൽകിയിട്ടുള്ള മസ്റ്ററോളിൽ രേഖപ്പെടുത്തലുകൾ പൂർണമാണ്

- വീട് പണിയുന്നതിന്റെ ഘട്ടം ഘട്ടമായുള്ള ഫോട്ടോകളും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

**ഫീൽഡ് പരിശോധന വിശദംശങ്ങൾ**

- ഫീൽഡ് തല പരിശോധനയിൽ രണ്ടു വീട് ഒഴികെ മറ്റു വീടുകൾ പൂർത്തിയായ നിലയിലാണ്.
- മസ്റ്റർ റോളുകളിൽ പഞ്ചായത്തിൽ നേരിട്ട് ചെന്നും മേറ്റ് മുഖേനയുമാണ് ഒപ്പ് ഇട്ടിരിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു
- തൊഴിലുറപ്പിന്റെ ഭാഗമായിട്ടുള്ള തുകയിൽ മുഴുവൻ തുകയും ലഭ്യമായിട്ടില്ല. എന്നാൽ ഗുണഭോക്താക്കൾക്ക് എത്ര മസ്റ്റർ റോളുകൾ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമല്ല

# പ്രവർത്തികളുടെ വിശദംശങ്ങളിലേക്ക്

**1. കാലുംമുഖം- പാഞ്ചിക്കാട് തോട് പുനരുദ്ധാരണം- WC/338637**

**ഫയൽ**

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല
- ഡ്രോയിങ് ആൻഡ് ഡിസൈൻ, ഡിമാൻഡ് ഫോം, വർക്ക് അലോക്കേഷൻ എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല
- പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 540 മീറ്ററിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത് വ്യക്തമായി
- എന്നാൽ പരിശോധനയിൽ തോടിന്റെ ഇരുവശങ്ങളിലും കാടുപിടിച്ചുകിടക്കുന്ന അവസ്ഥയാണ്



➢ 492 തൊഴിൽ ദിനങ്ങളിലായി 1,31,213 രൂപ പ്രവർത്തി നടപ്പിലാക്കുന്നതിനായി ചിലവഴിച്ചതായി കാണുന്നു

➢ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ അപൂർണമാണ്




## 2. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ - WC/342529

**ഫയൽ**

➢ വേജ് ലിസ്റ്റിൽ 18 തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു

- ഭൂവുടമകളുടെ അപേക്ഷാഫോം ഉണ്ടായിരുന്നു
- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 70 മഴക്കുഴികൾ 3 വള കുഴികൾ 85 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 2 പുരയിടങ്ങളിലായി 45 തെങ്ങിൻ കുഴികളും 2 വളക്കുഴികൾ 40 മഴക്കുഴികൾ എന്നിവ കാണാൻ സാധിച്ചു
- ഭൂരിഭാഗം പ്രവർത്തിസ്ഥലങ്ങളും കാടുപിടിച്ച നിലയിലാണ്



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

**3. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ - WC/336105**

**ഫയൽ**

- ഫയൽ ടാകിംഗ് ഫോമിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല
- എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 180 മഴക്കുഴികൾ 10 വളകുഴികൾ 400 തെങ്ങിൻകുഴികൾ എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ് തല പരിശോധനയിൽ 2 പ്രവ്യത്തി സ്ഥലങ്ങളിലായി 180 മഴ കുഴികളിൽ 40 എണ്ണം മാത്രമാണ് എണ്ണിത്തിട്ടപ്പെടുത്താൻ സാധിച്ചത്
- ഭൂരിഭാഗം പ്രദേശങ്ങളും കാടുപിടിച്ചതിനാൽ_വള കുഴികളും തെങ്ങിൻ കുഴികളും വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല
- മണ്ണൊലിപ്പ് കാരണം പണകൾ ഒന്നും തന്നെ വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചില്ല
- പ്രവർത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആവാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു
- 629 തൊഴിൽ ദിനങ്ങളിലായി 1,22,001 രൂപ ചിലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

4. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ - WC/338552

**ഫയൽ**

- ഫയൽടാക്കിങ് ഫോം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്
- മസ്റ്റർ റോളുകളിൽ 5 തൊഴിലാളികൾക്ക് തുടർച്ചയായി ആബ്സെന്റ് രേഖപ്പെടുത്തിക്കാണുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 200 മഴക്കുഴികൾ 8 വളക്കുഴികൾ 450 തെങ്ങിൻകുഴികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 2 പ്രവൃത്തി സ്ഥലങ്ങളിലായി 188 മഴക്കുഴികൾ 6 വളക്കുഴികൾ 310 തെങ്ങിൻകുഴികൾ എന്നിവ കാണാൻ സാധിച്ചു
- മഴയും മണ്ണൊലിപ്പും കാരണം കുഴികൾ നികന്നത് കൃത്യമായി പ്രവർത്തി മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കി
- 628 തൊഴിൽ ദിനങ്ങളിലായി 1,71,636 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ അപൂർണ്ണമാണ്

## 5. മണ്ണ് ജല സംരക്ഷണപ്രവർത്തികൾ - WC/338918

### ഫയൽ

- അനുമതിപത്രം, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല
- മസ്റ്റർറോളിൽ 5 തൊഴിലാളികൾക്ക് സ്ഥിരമായി ആബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല

### ഫീൽഡ്

- മെഷർമെന്റ് ബുക്ക് പ്രകാരം 80 മഴക്കുഴികൾ 4 കുഴികൾ 285 തെങ്ങിൻ കുഴികൾ എന്നിവയാണ് രേഖപ്പെടുത്തികാണുന്നത്
- ഫീൽഡ് തല പരിശോധനയിൽ 50 മഴക്കുഴികൾ 4 വളക്കുഴികൾ എന്നിവ വിലയിരുത്താൻ സാധിച്ചു
- തെങ്ങിൻകുഴികൾ ഒന്നും തന്നെ കാണാൻ സാധിച്ചില്ല
- പ്രവർത്തി സ്ഥലങ്ങൾ കാടുപിടിച്ച് നിലയിലാണ്
- 308 തൊഴിൽ ദിനങ്ങളിലായി 8,33,406 രൂപ ചെലവഴിച്ചിട്ടുണ്ട്.
- പ്രവർത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആകാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു
- പ്രവർത്തിസ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

## 6. മണ്ണ് ജല സംരക്ഷണപ്രവർത്തികൾ - WC/336539

### ഫയൽ

- 27470 നമ്പർ മസ്റ്റർറോളിൽ മൂന്നുതൊഴിലാളികളുടെ ആബ്സെന്റ നീലമഷിവെച്ച് രേഖപ്പെടുത്തിയിരിക്കുന്നു
- 36465 നമ്പർ മസ്റ്റർറോളിൽ പ്രിന്റിംഗ് തീയതിയായ 12/03/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു

### ഫീൽഡ്

- മെഷർമെന്റ് ബുക്ക് പ്രകാരം 200 മഴക്കുഴികൾ 8 വളക്കുഴികൾ 420 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തികാണുന്നു
- ഫീൽഡ് തല പരിശോധന വേളയിൽ 182 മഴക്കുഴികൾ 3 വളകുഴികൾ 130 തെങ്ങിൻകുഴികൾ കാണാൻ സാധിച്ചു
- ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച് നിലയിലായിരുന്നു
- പ്രവർത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആവാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു
- 619 പ്രവർത്തി ദിനങ്ങളിലായി 1,60,022 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

## 7. മണ്ണ് ജല സംരക്ഷണപ്രവർത്തികൾ - WC/338533

### ഫയൽ

- ഫയൽ ടാകിംഗഫോമിൽപൂർണമായി സാക്ഷ്യപ്പെടുത്തലും രേഖപ്പെടുത്തലും ഉണ്ടായിരുന്നു

- മസ്റ്റർറോളിൽ ആവശ്യമായസാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 70 മഴക്കുഴികൾ  മൂന്ന് വളക്കുഴികൾ 85 തെങ്ങിൻ കുഴികൾ എന്നിവയാനണ് രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ് തല പരിശോധനാ വേളയിൽ 43 മഴക്കുഴികൾ 3 വള കുഴികൾ 52 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ സാധിച്ചു
- പ്രവൃത്തി സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതായി മനസ്സിലാക്കാൻ സാധിച്ചു
- 322 തൊഴിൽ ദിനങ്ങളിലായി 86,585 രൂപ ചെലവഴിച്ചതായി കാണുന്നു
- പ്രവർത്തി സ്ഥലത്ത് സിറ്റിസൺഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

**8. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275761**

**ഫയൽ**

- ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം മൂന്ന് പുരയിടങ്ങളിൽ ആയി 300 തൈകൾ നട്ടത് രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 260 തൈകൾകാണാൻ കഴിഞ്ഞു
- ഭൂരിഭാഗം പ്രവർത്തിസ്ഥലവും കാട് പിടിച്ചത് കാരണം തൈകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിച്ചില്ല

- 157 പ്രവൃത്തിദിനങ്ങളായി 42,737 രൂപ ചിലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

**9. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/274033**

**ഫയൽ**

- മസ്റ്റർറോളുകളിൽ 6 തൊഴിലാളികൾ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതിതായി രേഖപ്പെടുത്തിക്കാണുന്നു
- മസ്റ്റർറോളിൽ അവശ്യ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 ഫലവൃക്ഷതൈകൾ പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 227 തൈകൾ പരിപാലിക്കപ്പെടുന്നതായി കാണാൻ സാധിച്ചു
- ഭൂരിഭാഗം പ്രവർത്തിസ്ഥലങ്ങളും കാടുപിടിച്ച നിലയിലാണ്
- 55 തൊഴിൽ ദിനങ്ങളിലായി 14905 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ അപൂർണമാണ്

**10. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275399**

**ഫയൽ**

- 32123 നമ്പർ മസ്റ്റർറോളിൽ പ്രിന്റിംഗ് തീയതിയായ 22/02/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു

- 12 തൊഴിലാളികൾ മസ്റ്റർറോളിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു
- പ്രവർത്തിയുമായി ബന്ധപെട്ട തൊഴിലാളികളുടെ കയ്യിൽനിന്നും ചിലവായ തുകയുടെ വൗച്ചറുകളും സാധനങ്ങൾ വാങ്ങിയ ബില്ലും ഫയലിൽ കാണാൻ കഴിഞ്ഞു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 ഫലവൃക്ഷതൈകൾ പരിപാലിക്കുന്നതായി രേഖപ്പെടുത്തിക്കാണുന്നു
- ഫീൽഡ് തല പരിശോധനാ വേളയിൽ 245 തൈകൾ പരിപാലിക്കപ്പെടുന്നതായി ബോധ്യപ്പെട്ടു
- ബാക്കിയുള്ള 55 തൈകളും മഴ വെള്ളം കയറി നശിച്ചതായി വ്യക്തമായി
- 40 തൊഴിൽ ദിനങ്ങളിലായി 10240 ചെലവായിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല

**11. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275400**

**ഫയൽ**

- ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ്ബുക്ക്പ്രകാരം 300 തൈകളാണ് പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരുന്നത്

- ഫീൽഡ് തല പരിശോധന വേളയിൽ 300 തൈകളുംകൃത്യമായി കാണാൻ സാധിച്ചു
- 120 തൊഴിൽ ദിനങ്ങളിലായി 32,724 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ അപൂർണമാണ്

**12. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/274032**

**ഫയൽ**

- 14 തൊഴിലാളികൾ യാതൊരു പ്രവൃത്തിയിലും പങ്കെടുക്കാത്ത അതിനാൽ ആബ്സെന്റ് രേഖപ്പെടുത്തിക്കാണുന്നു
- 14577 നമ്പർ മസ്റ്റർറോളിൽ പ്രിന്ററിംഗ് തീയതിയായ 13/11/18 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകൾ പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധന സമയത്ത് 300 തൈകളും പരിപാലിക്കപ്പെടുന്നതായി കാണാൻ കഴിഞ്ഞു
- 64 തൊഴിൽ ദിനങ്ങളിലായി 17,421 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

**13. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275402**

**ഫയൽ**

- ഭരണാനുമതി സാങ്കേതികാനുമതി എന്നിവയിൽ മതിയായ സാക്ഷ്യപ്പെടുത്തലും ഉണ്ടായിരുന്നു

- സൈറ്റ് ഡയറി തൊഴിലാളികളുടെ ഡിമാൻഡ് ഫോം എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകൾ പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 127 തൈകൾ പരിപാലിക്കപ്പെടുന്നതായി കാണാൻ കഴിഞ്ഞു
- ഭൂരിഭാഗം പ്രദേശങ്ങളും കാടുപിടിച്ച നിലയിലായിരുന്നു



- 113 തൊഴിൽ ദിനങ്ങളിലായി 30,623 രൂപ ചെലവഴിച്ചിട്ടുണ്ട്
- പ്രവർത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാനാവാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

## 14. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275403

**ഫയൽ**

- 29937 നമ്പർ മസ്റ്റർറോളിൽ പ്രിന്റിംഗ് തീയതിയായ 13/02/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- 36365 നമ്പർ മസ്റ്റർറോളിൽ പ്രിന്റിംഗ് തീയതിയായ 11/03/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- 39180 നമ്പർ മസ്റ്റർറോളിൽ പ്രിന്റിംഗ് തീയതിയായ 27/03/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 ഫലവൃക്ഷതൈകൾ ആണ് പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ്തല പരിശോധനയിൽ 234 ചെടികൾ പരിപാലിക്കപ്പെടുന്നതായി കാണാൻ സാധിച്ചു
- 30 പ്രവൃത്തി ദിനങ്ങളിലായി 8130 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻബോർഡ് സ്ഥാപിച്ചിട്ടുണ്ട്

## 15. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/275401

**ഫയൽ**

- മസ്റ്റർറോളിൽ എല്ലാ തൊഴിലാളികളും കൃത്യമായി പ്രവർത്തി ദിനങ്ങളിൽ ഹാജരായതായി രേഖപ്പെടുത്തിയിരിക്കുന്നു

- ഫയലിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല
- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകൾ പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ് തല പരിശോധനാ വേളയിൽ 300 തൈകളും കൃത്യമായി പരിപാലിക്കപ്പെടുന്നതായി കാണാൻ സാധിച്ചു
- 141 തൊഴിൽ ദിനങ്ങളിലായി 38796 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല

**16. ഫലവൃക്ഷ ചെടി നടീലും പരിപാലനവും- DP/260905**

**ഫയൽ**

- മസ്റ്റർറോൾ ഭരണാനുമതി സാങ്കേതികാനുമതി എന്നിവയിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു
- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകളാണ് പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്
- ഫീൽഡ് തല പരിശോധന 180 തൈകൾ പരിപാലിക്കപ്പെടുന്നതായി കാണാൻ സാധിച്ചു

- മഴ കാരണം കുഴികളിൽ വെള്ളം നിറഞ്ഞു തൈകൾ നഷ്ടമായതായി വ്യക്തമായി
- പ്രവർത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആവാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു
- 35 തൊഴിൽ ദിനങ്ങളിലായി 9485 രൂപ ചെലവഴിച്ചിട്ടുണ്ട്
- പ്രവർത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

## പൊതുവായ കണ്ടെത്തലുകൾ

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതായ 22 രേഖകളിൽ ഭരണാനുമതി സാങ്കേതികാനുമതി വിശദമായ എസ്റ്റിമേറ്റ് ലിസ്റ്റ് മെഷർമെന്റ് ബുക്ക് എന്നിവ എല്ലാ ഫയലുകളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്
- ഡ്രോയിങ് ആൻഡ് ഡിസൈൻ, ഡിമാൻഡ് ഫാം, വർക്ക് അലോക്കേഷൻ, ഫണ്ട് ട്രാൻസ്ഫർ ഓർഡർ എന്നീ രേഖകൾ ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല
- മസ്റ്റർറോൾ  തിരുത്തലുകൾ കാണാൻ സാധിച്ചു
- പരിശോധിച്ച മെഷർമെന്റ് ബുക്കുകൾ എല്ലാം തന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്
- മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നിർവഹണ ഏജൻസിയിൽ നിന്നുള്ള നിർദേശപ്രകാരം തന്നെ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച അവസ്ഥയിലായിരുന്നു

- ഫലവൃക്ഷത്തൈ നടീലും പരിപാലനപ്രവൃത്തിയിൽ മൂന്ന് പ്രവർത്തികളിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപെട്ടു.
- തൊഴിലാളികൾക്ക് ആവശ്യമായ പ്രഥമശുശ്രൂഷ കിറ്റ് സുരക്ഷാസംവിധാനങ്ങൾ തൊഴിൽ സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു
- തൊഴിലിടങ്ങളിൽ ആവശ്യമായ സാധനസാമഗ്രികൾമേറ്റു മാരുടെ കൈയിൽനിന്ന്പണം മുടക്കിയാണ് വാങ്ങുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
- ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഒരു വീട് ഒഴികെ മറ്റ് എല്ലാ വീടുകളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്
- ഫലവൃക്ഷത്തൈ നടീലും പരിപാലനവും പ്രവർത്തികൾ നിർവഹണ ഏജൻസിയിൽ നിന്നുള്ള നിർദേശപ്രകാരം തന്നെ നടപ്പിലാക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും ഭൂരിഭാഗം പ്രവർത്തനങ്ങളും കാടുപിടിച്ച അവസ്ഥയിലായിരുന്നു

## നിർദ്ദേശങ്ങൾ

- നിയമാനുസൃതമായി ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകൾ ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്
- കൈയുറകൾ കാലുറകൾ പ്രഥമശുശ്രൂഷ കിറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ തൊഴിലാളികൾക്ക് അനുവദിച്ച നൽകേണ്ടതാണ്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിക്കേണ്ടതും രേഖപ്പെടുത്തലുകൾ വ്യക്തമാക്കേണ്ടതുമാണ്
- തൊഴിലിടസൗകര്യങ്ങളൊരുക്കി നൽകേണ്ടതാണ്
- പ്രവർത്തികൾ മനസ്സിലാക്കി തിരഞ്ഞെടുക്കേണ്ടതും പ്രാവർത്തികം ആക്കേണ്ടതുമാണ്
- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമയ്ക്ക് വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാൺ
- വൃക്ഷത്തൈ ഉൽപാദനം പോലുള്ള പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്

## ഗ്രാമസഭയുടെ പ്രത്യേക പരാമർശങ്ങൾ

- പ്രവർത്തികൾകാലാവസ്ഥയ്ക്കനുസരിച്ച് തെരഞ്ഞെടുക്കാത്തത് പ്രവർത്തിയുടെ നല്ല രീതിയിലുള്ള പ്രാവർത്തികമാക്കലിന് തടസ്സം ഉണ്ടാക്കുന്നു. അതിനാൽ കാലാവസ്ഥയ്ക്കനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് പൊതുവായ പരാമർശം ഉണ്ടായി
- നിർവഹണ ഏജൻസിയുടെ ഉദ്യോഗസ്ഥർ കൃത്യമായി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കേണ്ടതാണ് എന്ന പരാമർശം ഉണ്ടായി

- പ്രവർത്തി പൂർത്തീകരിച്ചു കഴിഞ്ഞ് വേതനം ലഭ്യമാകാൻ മാസങ്ങളുടെ കാലതാമസം നേരിടുന്നുണ്ട്
- മെറ്റീരിയൽ സംബന്ധമായ പ്രവർത്തികളിൽ വർഷങ്ങൾക്കുശേഷമാണ് തുക ലഭ്യമാക്കുന്നത് എന്ന പരാമർശവും ഉണ്ടായിട്ടുണ്ട്

റിപ്പോർട്ട് തയ്യാറാക്കിയത്,

BRP അനുശ്രീ

VRP വിനി. യു

VRP വിനിത വി അബ്രഹാം